## വിചാരഭാവന

# അക്കരപ്പച്ച

മുഹമ്മദ് ഹുസൈൻ ആസാദ്

**ദാർശനികനായ** സോക്രട്ടീസ് ഒരു തമാശ പറയുകയുണ്ടായി: "ലോകത്തുള്ള വിഷമങ്ങൾ ഒരിടത്ത് ഒരുമിച്ചു കൂട്ടുകയും പിന്നീടത് എല്ലാവർക്കും സമമായി ഭാഗിക്കുകയുമാണെങ്കിൽ, തങ്ങളുടെ വിഷമങ്ങളെ ദൗർഭാഗ്യമായി കണക്കാക്കിയിരുന്നവർ ഈ വിഭജനത്തെ ഒരു മഹാ ദുരന്തമായി ഗണിക്കുകയും മുമ്പുണ്ടായിരുന്ന വിഷമങ്ങളെ വലിയ അനുഗ്രഹമായി മനസ്സിലാക്കുകയും ചെയ്യുമായിരുന്നു." മറ്റൊരു തത്വജ്ഞാനി ഇങ്ങനെ വിവരിച്ചു: " നമ്മുടെ വിഷമങ്ങൾ പരസ്പരം കൈമാറാൻ സാധിച്ചിരുന്നുവെങ്കിൽ ഓരോരുത്തർക്കും അവരവരുടെ പൂർവ്വ വിഷമങ്ങൾ തന്നെയാണ് നല്ലതെന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നു."

ഞാൻ ശൂന്യതയുടെ തലയണയിൽ ചാരി ഈരണ്ടഭിപ്രായങ്ങളെയും കുറിച്ചു ചിന്തിച്ചുകൊണ്ടങ്ങനെ കിടക്കുകയായിരുന്നു. എനിക്കുറക്കം വന്നു.

പെട്ടെന്നു സർവ്വാധികാരിയായ രാജാവിന്റെ ദർബാറിൽ നിന്ന് ഒരു വിളംബരം കേട്ടു: "എല്ലാ മാലോകരും തങ്ങളുടെ എല്ലാ വിഷമങ്ങളും ദുരിതങ്ങളും കഷ്ടപ്പാടുകളും പ്രയാസങ്ങളും കൊണ്ടു വന്നു ഒരിടത്ത് ഒരുമിച്ചു കൂടട്ടെ."

ഞാൻ നോക്കുമ്പോൾ ഈ ആവശ്യത്തിന്നു വേണ്ടി ഭാവനാലോകത്തേക്കാൾ വിശാലമായ ഒരു മൈതാനം സജ്ജീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതാ, ആളുകൾ വന്നുതുടങ്ങി. ഞാനീ തമാശ ആസ്വദിച്ചുകൊണ്ട് മൈതാന മദ്ധ്യത്തിൽ തന്നെ നിലയുറപ്പിച്ചിരിക്കയാണ്. എനിക്കെല്ലാം വ്യക്തമായി കാണാം. ആളുകൾ ഒന്നിനു പിന്നിൽ ഒന്നായി ഭാരവും ചുമന്നുവന്നു എല്ലാം മൈതാനിയിൽ ഒരിടത്തു എറിയുന്നു. നിലത്തു വീഴുന്ന ഭാരങ്ങൾ പിന്നെയും വലുതാവുകയാണ്. എത്രത്തോളമെന്നല്ലേ? അവ ഓരോന്നും മേഘങ്ങളിൽ മുട്ടുമാറു വിഷമങ്ങളുടെ ഉഗ്രൻ പർവ്വതങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

അതിന്നിടയിലതാ ഒരാൾ. കാറ്റുപോലെ. ഉണങ്ങിച്ചുങ്ങി കോലുപോലെയായിരിക്കുന്നു. പക്ഷെ, ഈ ജനക്കൂട്ടത്തിൽ വളരെ ഉന്മേഷത്തോടും സാമർത്ഥ്യത്തോടും കൂടി ഓടിച്ചാടി നടക്കുകയാണയാൾ. കയ്യിൽ ഒരു കണ്ണാടിയുണ്ട്. അതിൽ എല്ലാ വസ്തുക്കളും വളരെ വളരെ വലുതായിട്ടാണ് കാണുന്നത്. അത്യന്തം നീളമുള്ള ഒരു വസ്ത്രം അയാൾ ഉടുത്തിരിക്കുന്നു. അതിന്റെ ഒരു തല 'ഖിയാമത്തി' ന്റെ ഒരു തലയുമായി ബന്ധിച്ചിരിക്കയാണ്. അതിൽ നിറയെ ദേവീ ദേവന്മാരുടെയും ജിന്നുകളുടെയും ചിത്രങ്ങൾ തങ്കവർണ്ണത്തിൽ വരഞ്ഞു വെച്ചിരിക്കുന്നു. കാറ്റിൽ ആ വസ്ത്രം ഇളകുമ്പോൾ ആയിരക്കണക്കിൽ വിചിത്ര തരവും അത്ഭുതകരവുമായ ഇത്തരം ചിത്രങ്ങൾ തെളിഞ്ഞു കാണാം. അയാളുടെ കണ്ണുകൾ വളരെ ബീഭത്സമാണെങ്കിലും അവയിൽ ദുഃഖത്തിന്റെ പാടുകൽ നിഴൽ വിരിച്ചിരിക്കുന്നു.' വഹ്മ്' എന്നാണയാളുടെ പേര്. അയാൾ ഓരോരുത്തരുടെയും ഭാരങ്ങൾ ഭാണ്ഡങ്ങളാക്കി കെട്ടിക്കൊടുക്കുകയും വഹിപ്പിക്കുകയും നിർണ്ണിത സ്ഥാനത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്തുകൊണ്ടിരുന്നു. എന്റെ സഹജീവികളും സഹരൂപികളുമായ നിരവധി സഹോദരങ്ങൾ ഈ വിഷമങ്ങളുടെ ഭാണ്ഡവും പേറി വിറച്ചു വിറച്ചു വരുന്നത് ഞാൻ കണ്ടു. ആ ഭാണ്ഡങ്ങളുടെ കൂമ്പാരത്തെക്കുറിച്ചു ചിന്തിച്ചപ്പോഴേക്കും ഞാനാകെ പരിഭ്രമിച്ചുപോയി. വിവരിക്കാൻ വയ്യാത്ത വിധം ഭയങ്കരമായിരുന്നു അത്.

ഇവിടെയും ചിലരുടെ അവസ്ഥ കണ്ടപ്പോൾ എനിക്ക് വല്ലാത്ത വേദന തോന്നി. അതാ ഒരാൾ. പഴയ കീറിപ്പറിഞ്ഞ ഒരു വസ്ത്രം കൊണ്ടാണ് ഭാണ്ഡം കെട്ടിയിരിക്കുന്നത്. വലിയ ആ ഭാരവും ചുമലിലേറ്റി, മെല്ലെ മെല്ലെ നടന്നുവന്നു, അയാൾ ആ കൂമ്പാരത്തിൽ അതെറിഞ്ഞു. അപ്പോഴാണ് മനസ്സിലായത്, ദാരിദ്ര്യത്തിന്റെ ദുരിതമായിരുന്നു ആ ഭാരം. അതിന്റെ പിന്നാലെത്തന്നെ മറ്റൊരാൾ ഓടിവരുന്നുണ്ട്. ശരീരമാകെ വിയർത്തു കുളിച്ചിരിക്കുന്നു. ചുമലിൽ ഒരു വലിയ ഭാരം ചുമന്നതുകാരണം കിതക്കുന്നുമുണ്ട്. അയാളും ഭാരം നിലത്തെറിഞ്ഞു. വളരെ ചീത്തയായിരുന്നു അയാളുടെ ഭാര്യ. ആ ഭാരമാണയാൾ ചുമലിൽനിന്ന് ഇറക്കിവെച്ചത്. പിന്നാലെ വന്നത് വലിയ ഒരു സമൂഹമാണ്. എണ്ണാൻ പോലും സാധ്യമല്ല. അത്രയധികം. മനസ്സിലായി പ്രണയബന്ധത്തിലകപ്പെട്ട കാമുകന്മാരാണവർ. ദുഃഖത്തിന്റെ വലിയ ഭാണ്ഡങ്ങളുണ്ട് ഓരോരുത്തരുടെയും തലയിൽ. വിരഹ വേദനയുടെയും മോഹഭംഗത്തിന്റെയും കനത്ത ഭാരം കാരണം അവരുടെ ശിരസ്സുതന്നെ പൊട്ടിപ്പോകുമോ എന്നു

തോന്നിപ്പോയി. പക്ഷെ തമാശ അതല്ല. ഇവർ ആ കൂമ്പാരത്തിന്റെ അടുത്തു വന്ന് ഭാരം ഇറക്കിവെക്കാൻ നോക്കുമ്പോൾ സാധിക്കുന്നില്ല. ചിലർ വളരെ പാടുപെട്ട് ശിരസ്സു കുലുക്കി നോക്കി. വീഴുന്നില്ല. അവസാനം വന്നപോലെ തന്നെ തിരിച്ചു പോവുകയും ചെയ്തു.

ഒരുപാടു വൃദ്ധകളുണ്ടു തങ്ങളുടെ ചുക്കിച്ചുളിഞ്ഞ തൊലി കൊണ്ടു വന്നു ഈ കൂമ്പാരത്തിൽ എറിയുന്നു. ചില യുവതീ യുവാക്കൾ എറിയുന്നത് തങ്ങളുടെ കറുത്ത വർണ്ണമാണ്. ചില പൊണ്ണത്തടിയന്മാർ തങ്ങളുടെ സ്ഥൂലതയും എറിയുന്നുണ്ട്. സ്ഥാനം തെറ്റിയ പല്ലുകളാണ് –അവ കണ്ടാൽ തന്നെ അറപ്പുതോന്നും––പലരും എറിയുന്നത്. ഇങ്ങനെ ആ കൂമ്പാരത്തിൽ എറിയപ്പെട്ടവ അധികവും ശാരീരിക വൈകല്യങ്ങളായിരുന്നുവെന്ന് കണ്ടപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടുപോയി.

ഒരാളുടെ പുറത്ത് വളരെ വലിയ ഒരു ഭാരമുണ്ട്. പക്ഷെ, വളരെ സന്തോഷത്തോടുകൂടിയാണ് അത് പേറിക്കൊണ്ടയാൾ വരുന്നത്. കൂനനായിരുന്നു അയാളെന്ന് അടുത്തെത്തിയപ്പോൾ മനസ്സിലായി. മനുഷ്യരുടെ യാതനകളും വേദനകളും ഒരുമിച്ചുകൂട്ടിയ സ്ഥലത്ത് തന്റെ ഈ കൂനും വലിച്ചെറിയാൻ വന്നതായിരുന്നു അയാൾ. കാരണം, അതിനേക്കാൾ വലിയ ഒരു വിപത്ത്അയാളുടെ ദൃഷ്ടിയിൽ മനുഷ്യകുലത്തിനു ബാധിക്കാനേയില്ല.

പല ഇനത്തിലും തരത്തിലും പെട്ട നിരവധി രോഗങ്ങൾ ആ കൂമ്പാരത്തിൽ കാണാമായിരുന്നു. ചിലത് യഥാർത്ഥത്തിൽതന്നെ രോഗങ്ങളാണ്. എന്നാൽ മറ്റു പലതും രോഗങ്ങളാണെന്ന് തെറ്റുധരിച്ചവ മാത്രമായിരുന്നു. അതിന്നിടയിൽ മനുഷ്യകുലത്തിന്നുണ്ടാവാറുള്ള എല്ലാ രോഗങ്ങളുടെയും ഒരു സമുച്ചയവും കാണപ്പെടുകയുണ്ടായി. നല്ല ചുറുചുറുക്കുള്ള യുവാക്കളായിരുന്നു അവയെല്ലാം കൊണ്ടുവന്നിരുന്നത്. പക്ഷെ, എനിക്കാശ്ചര്യംതോന്നി, ഗംഭീരമായ ഈ കൂമ്പാരത്തിലെങ്ങും വിഢ്ഡിത്തത്തിന്റെ ചെറിയ ഒരു ഭാരം പോലും ആരും ഉപേക്ഷിച്ചിട്ടില്ല.അത് കണ്ടപ്പോൾ ഞാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: “മാനസിക വേദനകളോ, ശാരീരിക ദൗർബല്യങ്ങളോ, ബുദ്ധിപരമായ വൈകല്യങ്ങളോ വല്ലവർക്കുമുണ്ടെങ്കിൽ അവയിൽനിന്ന് രക്ഷപ്പെടാൻ ഇതിനേക്കാൾ നല്ലൊരു സുവർണ്ണാവസരം ഇനി കിട്ടുകയില്ല. ഉടനെ വന്നു അത്തരം വൈകല്യങ്ങൾ ഇവിടെ ഉപേക്ഷിക്കൂ.” അപ്പോഴാണ് ഒരു ദുർവൃത്തൻ തന്റെ കുറ്റങ്ങളുടെ ഭാരവും പേറി സ്വയം വരുന്നത് കണ്ടത്. വലിയ ഒരു ഭാണ്ഡം അയാളും അവിടെ ഉപേക്ഷിച്ചു. പക്ഷെ അയാൾ ഉപേക്ഷിച്ചത് കുറ്റങ്ങളുടെ ഭാണ്ഡമായിരുന്നില്ല. മറിച്ചു, അവയുടെ പരിണാമത്തെക്കുറിച്ചുള്ള ആശങ്കകളായിരുന്നു. ഉടനെത്തന്നെ മറ്റൊരാൾ കൂടി വന്നു. അറുതെമ്മാടിയാണ്. അയാൾ തന്റെ ന്യൂനതകൾ ആ കൂമ്പാരത്തിൽ എറിയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷെ, അയാൾ എറിഞ്ഞത് തന്റെ നാണവും ലജ്ജയുമായിരുന്നു.

എല്ലാ മനുഷ്യരും തങ്ങളുടെ വിഷമങ്ങൾ ഇവിടെ കൊണ്ടുവന്നു എറിഞ്ഞു കഴിഞ്ഞപ്പോൾ ഞാനിത് നോക്കിക്കൊണ്ട് ഒരിടത്ത് ഒഴിഞ്ഞ് നിൽക്കുന്നത് വഹ്മ് കണ്ടുപിടിച്ചു. ഇതുവരെ അവിടെയെല്ലാം വിശ്രമമില്ലാതെ ഓടിനടക്കുകയായിരുന്നു അയാൾ. എന്നെ കണ്ടപ്പോൾ ഞാൻ ശൂന്യനാണെന്ന് അയാൾക്ക് മനസ്സിലായി. ഉടനെ അയാൾ എന്റെ അടുത്തേക്ക് വന്നു. ഞാനാകെ പരിഭ്രമിച്ചു പോയി. തന്റെ കണ്ണാടി അയാൾ കയ്യിൽ ഉയർത്തിപ്പിടിച്ചിരുന്നു. ഞാനതിൽ നോക്കി. എന്റെ തല വളരെ ചെറിയത്. ശരീരത്തിന്റെ ഇതരഭാഗങ്ങളാണെങ്കിൽ തടിച്ചു പരന്നുകിടക്കുകയും ചെയ്യുന്നു. എനിക്കാകെ അറപ്പുതോന്നി. ഉടനെ തലയെടുത്ത് ഞാനാ കൂമ്പാരത്തിലേക്ക് എറിഞ്ഞു. വല്ല മുഖം മൂടിയോ മറ്റോ എറിയുന്നപോലെ. അപ്പോഴാണ് മറ്റൊരു തമാശ കണ്ടത്. വേറെ ഒരാളുടെ തല അത്യന്തം വലിയതായിരുന്നു. കൈകാലുകളും ശരീരവും അങ്ങേയറ്റം ശോഷിച്ചതും. ആ മനുഷ്യൻ തന്റെ വലിയ തലയും ആ കൂമ്പാരത്തിലേക്കെറിഞ്ഞു. യഥാർത്ഥത്തിൽ തന്നെ വലിയ തലയായിരുന്നു അത്. അതിന്റെ മൂക്ക് മാത്രം എന്റെ തലയേക്കാൾ വലിയതാണ്.

അഭൗതികമായ ഈ ആശ്ചര്യലോകത്ത് നടക്കുന്ന ഓരോ കാര്യങ്ങളും സശ്രദ്ധം വീക്ഷിച്ചുകൊണ്ടങ്ങനെ നിൽക്കുകയായിരുന്നു ഞങ്ങൾ. അപ്പോഴാണ് പ്രപഞ്ച നാഥന്റെ ദർബാറിൽനിന്ന് പുതിയ ഒരു വിളംബരം: ‘ഓരോരുത്തർക്കും അവരവർ ഉപേക്ഷിച്ച വിഷമങ്ങൾക്ക് പകരം ഇഷ്ടമുള്ള മറ്റു വിഷമങ്ങൾ മാറ്റിയെടുത്തുകൊണ്ട് വീട്ടിലേക്കു പോകാം.”

വിളംബരം കേൾക്കേണ്ട താമസം, നമ്മുടെ “വഹ്മ്” വീണ്ടും ജാഗ്രത്തായി. വിഷമങ്ങളുടെ ഗംഭീരമായ കൂമ്പാരത്തിൽനിന്ന് ഓരോ ഭാണ്ഡങ്ങൾ കെട്ടി ശരിപ്പെടുത്തി അയാൾ ഓരോരുത്തർക്കും “ചടപടാ” ന്ന് വീതിച്ചുകൊടുത്തുകൊണ്ടിരുന്നു. അപ്പോൾ അവിടെ കണ്ട തിക്കും തിരക്കും –ഹൗ, വിവരിക്കാൻ വാക്കുകളില്ല. ചില കാര്യങ്ങൾ മാത്രം ഞാനിവിടെ പറയാം.

വന്ദ്യനായ ഒരു വയോധികൻ. വാർദ്ധക്യവും തളർവാതവും കൊണ്ട് ആകെ പരവശനായിരിക്കുന്നു. പക്ഷെ, സന്താനങ്ങളില്ലാത്തതിനാൽ അയാൾ അങ്ങേയറ്റം ദുഃഖിതനാണ്. തന്റെ കണക്കില്ലാത്ത സമ്പത്തിനു ഒരനന്തരാവകാശിയെ കണ്ടുപിടിക്കുകയായിരുന്നു അയാൾക്കാവശ്യം. തന്റെ തളർവാതം അവിടെ ഉപേക്ഷിച്ചിട്ടു സുന്ദരനായ ഒരു ബാലനെ അയാൾ പകരമെടുത്തു. ഒട്ടും അനുസരണമില്ലാത്ത ഈ വികൃതിച്ചെറുക്കൻ. അസഹനീയമായ ഒരു തലവേദനയായി മാറിയതിനാൽ പിതാവ് ഉപേക്ഷിച്ചതായിരുന്നു അവനെ. വൃദ്ധൻ അവനേയും കൂട്ടി മടങ്ങുമ്പോൾ തന്നെ അവന്റെ ഉപദ്രവം ആരംഭിച്ചു കഴിഞ്ഞിരുന്നു. അവൻ അയാളുടെ താടിപിടിച്ചു വലിക്കുകയും തലതന്നെ വെട്ടാൻ ഒരുങ്ങുകയും ചെയ്തു. യാദൃഛികമെന്നു പറയട്ടെ, വഴിയിൽവെച്ചു വൃദ്ധൻ ആ ബാലന്റെ യഥാർത്ഥ പിതാവിനെ കണ്ടുമുട്ടാൻ ഇടവരികയുണ്ടായി. പകരമെടുത്ത് മടങ്ങുകയായിരുന്നു അയാൾ. വൃദ്ധൻ അയാളെ നോക്കി യാചിച്ചു. “ദൈവത്തെ ഓർത്ത് തന്റെ തളർവാതം എനിക്ക് തിരിച്ചുതന്ന് ഈ വികൃതിച്ചെറുക്കനെ മടക്കിയെടുക്കൂ. തന്റെ ആദ്യത്തെ വിഷമം തന്നെയാണ് ഇതിനേക്കാൾ ആയിരം മടങ്ങ് നല്ലത്.” പക്ഷെ, എന്തു ചെയ്യാം. വീണ്ടും ഒരു കൈമാറ്റം സാധ്യമായിരുന്നില്ല.

അതാ മറ്റൊരു ചെറുപ്പക്കാരൻ. നല്ല തണ്ടും തടിയുമുള്ള ഈ യുവാവ് ഒരു കപ്പലിലെ ജോലിക്കാരനായിരുന്നു. കൂടുതലാണെന്നു തോന്നിയ തന്റെ അധ്വാന ഭാരം അവിടെ എറിഞ്ഞു, സ്വസ്ഥതയും ആലസ്യവും പകരമെടുത്തിരിക്കയാണയാൾ. പക്ഷെ, ഇപ്പോൾ അയാൾക്ക് രണ്ടടി നടക്കാൻ കഴിയുന്നില്ല; അപ്പോഴേക്ക് ക്ഷീണവും തളർച്ചയും കാരണം തലയും താങ്ങി ഇരിക്കേണ്ടി വരുന്നു. ഇങ്ങനെ പുതിയ രോഗങ്ങളുടെ തടവുകാരായി പഴയ അവ

സ്ഥയുടെ മേന്മയോർത്ത് ദുഃഖിക്കുന്ന പലരുമുണ്ട്. അതാ ഒരു മാറാരോഗി. അതുപേക്ഷിച്ചു ദാരിദ്ര്യം പകരമെടുത്തിരിക്കയാണയാൾ. വിഷപ്പില്ലായ്മയായിരുന്നു ചിലരുടെ രോഗം. ഇപ്പോഴവർ എത്ര തിന്നാലും വിശപ്പ് മാറാതെ എരിപൊരി കൊള്ളുകയാണ്. ഒരാൾക്ക് ചിന്തിക്കുന്നത് വലിയ വിഷമമായി തോന്നി. അതുപേക്ഷിച്ചു. ഇപ്പോൾ മനോരോഗിയായിട്ടാണയാൾ തിരിച്ചു പോകുന്നത്. ദൗർഭാഗ്യവതികളായ സ്ത്രീകളുടെ അവസ്ഥയും ഇതുതന്നെ. തങ്ങളുടെ പഴയ രോഗം മതിയായിരുന്നുവെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഒരു സ്ത്രീ തന്റെ തലമുടി അവിടെ എറിഞ്ഞിരുന്നു. പക്ഷെ, ഇപ്പോൾ കാലിൽ വലിയ ഒരു വ്യണവുമായി 'ഹാവൂ' 'ഹാവൂ' എന്നും പറഞ്ഞുമുടന്തി നടക്കുകയാണ്. മറ്റൊരു സ്ത്രീയുടെ ശരീരം കൊലുന്നനെയായിരുന്നു. പക്ഷെ, അവളുടെ മുഖവും കൈകാലുകളും അതുപോലെത്തന്നെ ശോഷിച്ചതായിരുന്നു. ഇപ്പോഴതാ, തടിച്ചുരുണ്ടകൈകാലുകളും വലിയ കുടവയറുമായി അവർ ഉരുണ്ടുരുണ്ട് നടന്നുനീങ്ങുന്നു. സുന്ദരമായ ഒരു മുഖമാണ് വേറൊരുത്തി പകരമെടുത്തത്. പക്ഷെ ദുഷിച്ച വിചാരവും ദുഷ്കീർത്തിയും അതോടൊപ്പം വിടാതെ കൂടിയിരിക്കുന്നു. ഇങ്ങനെ പുതിയ വിപത്ത് പഴയതിനേക്കാൾ കനത്തതാണെന്ന് തോന്നാത്ത ആരും അവിടെയുണ്ടായിരുന്നില്ല. ഇതെല്ലാം കണ്ടപ്പോൾ എനിക്ക് തോന്നി. നമുക്ക് വരുന്ന വിപത്തുകളെല്ലാം യഥാർത്ഥത്തിൽ നാം സഹിക്കാൻ നിർബന്ധിതരാണ്. അങ്ങനെ സഹിച്ചു സഹിച്ചു ക്രമത്തിൽ അത് നമ്മുടെ സമ്പ്രദായമായി മാറും.

സുന്ദരനായ ഒരു യുവാവായി മാറിയ ആ വൃദ്ധന്റെ കാര്യമോർത്തപ്പോൾ എനിക്ക് വല്ലാത്ത വേദനതോന്നി. പാവം, മൂത്രാശയത്തിൽ വലിയ ഒരു കല്ലുള്ളതിനാൽ ഇപ്പോഴും നേരെ നടക്കാൻ വയ്യ! ആ യുവാവിന്റെ കാര്യമാണ് അതിനേക്കാൾ പരിതാപകരം. ഒരു വടിയും കുത്തിപ്പിടിച്ചു ഏങ്ങുവലിഞ്ഞു നടക്കുന്നു. ശരീരം ചുക്കിച്ചുളിഞ്ഞിട്ടുണ്ട്. മുതുക് ഒടിഞ്ഞിരിക്കുന്നു. ചുമലെല്ലുകൾ തലക്കുമുകളിലാണ് നിൽക്കുന്നത്. അയാളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി അകമ്പടി സേവിച്ചിരുന്ന നിരവധി തരുണീമണികൾ ഇപ്പോൾ നാണംകൊണ്ടു തലതാഴ്ത്തി നടക്കുകയാണ്.

മറ്റുള്ളവരുടെ കഥയെല്ലാം വിവരിച്ച സ്ഥിതിക്ക് എന്റെ കഥയും പറയാതെ വയ്യല്ലോ. ആ വലിയ മുഖം കൂമ്പാരത്തിലെറിഞ്ഞ മനുഷ്യൻ എന്റെ ചെറിയ തലയാണ് എടുത്തിരിക്കുന്നത്. കാര്യം എന്റെ തലയാണെന്നത് ശരിതന്നെ. പക്ഷെ, എനിക്കത് കണ്ടപ്പോൾ ചിരി അടക്കാൻ കഴിഞ്ഞില്ല. ഞാൻ മുഖത്തു നോക്കി പൊട്ടിച്ചിരിക്കുന്നത് കണ്ട അയാളും ലജ്ജിച്ചുപോയി. പക്ഷെ, എന്റെ അവസ്ഥയിൽ അഹങ്കരിക്കാൻ ഒട്ടും അവകാശമുണ്ടായിരുന്നില്ല. കാരണം, ഞാൻ പശ്ചാത്താപത്തിന്റെ വിയർപ്പ് തുള്ളികൾ നെറ്റിയിൽനിന്ന് തുടക്കാൻ ശ്രമിക്കയായിരുന്നു. എന്തു ചെയ്യും, കൈ അങ്ങോട്ട് എത്തുന്നില്ല! ഗംഭീരമായ ഒരു തലയല്ലെ എനിക്ക് കിട്ടിയിരിക്കുന്നത്! മുഖത്ത് പലപ്പോഴും ഞാൻ ഉദ്ദേശിച്ചേടത്തല്ല കൈ ചെന്നു വീണിരുന്നത്. ചിലപ്പോൾ മുഖമൊന്ന് തടവാൻ വിചാരിച്ചാൽ കൈ മൂക്കുമായി കൂട്ടിമുട്ടിപ്പോകും.

ഇങ്ങനെ അവിടെയുണ്ടായിരുന്ന ആ വലിയ കൂമ്പാരം മുഴുവൻ പുരുഷന്മാരും സ്ത്രീകളുമായി ഭാഗിച്ചെടുത്തു. പക്ഷെ, ആ അന്തരീക്ഷം തികച്ചും വേദനാജനകമായിരുന്നു. ഓരോരുത്തരും തങ്ങളുടെ പുതിയ ഭാരങ്ങൾക്ക് കീഴിൽ അമർന്നിരിക്കയാണ്. വേദനയുടെയും നിരാശയുടെയും ദുഃഖത്തിന്റെയും ആശങ്കയുടെയും കരളലിയിപ്പിക്കുന്ന ശബ്ദവും രോദനവും മാത്രമെ എങ്ങും കേൾക്കാനുള്ളൂ.

അവസാനം പാവപ്പെട്ട മനുഷ്യരുടെ ദയനീയമായ ഈ അവസ്ഥയിൽ സർവ്വാധികാരിയായ ദൈവം തമ്പുരാന് അലിവ് തോന്നി. ഉടനെ പുതിയ ഒരു വിളംബരം: "എല്ലാവർക്കും തങ്ങളുടെ പുതിയ ഭാരങ്ങൾ മൈതാനിയിൽ ഉപേക്ഷിച്ചു വിഷമങ്ങളുടെ പഴയ ഭാരങ്ങൾതന്നെ തിരിച്ചെടുക്കാവുന്നതാണ്."

ഹാവൂ; അത് കേട്ടപ്പോൾ ആളുകളുടെ ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല. എല്ലാം മറന്നുകൊണ്ടവർ തുള്ളിച്ചാടി. ഒരു നിമിഷവും കാത്തുനിൽക്കാതെ തങ്ങളുടെ ഭാരങ്ങൾ അവർ മൈതാനിയിൽ എറിഞ്ഞു. അപ്പോഴാണ് ദർബാറിൽനിന്ന് മറ്റൊരു വിളംബരം: "നിങ്ങളെ വഞ്ചനയിലകപ്പെടുത്തിയ വഹ്മ് എന്ന പിശാചിനെ ഇവിടെനിന്ന് ആട്ടിയോടിച്ചിരിക്കുന്നു. പകരം നിങ്ങളെ സഹായിക്കാൻ ആകാശത്തുനിന്ന് ഒരു മാലാഖയെയാണ് നിയോഗിച്ചിരിക്കുന്നത്. അതിനാൽ എല്ലാവരും സന്തോഷത്തോടുകൂടി തങ്ങളുടെ ഭാരങ്ങളുമായി വീടുകളിലേക്ക് മടങ്ങിക്കൊള്ളുക."

നോക്കുമ്പോൾ അത് 'സ്വബ്റ്' * എന്നു പേരുള്ള അനുഗ്രഹത്തിന്റെ ഒരു മാലാഖ. കാര്യഗൗരവം മുറ്റിനിൽക്കുന്ന ആ മുഖം, പക്ഷെ, പ്രസന്നവും പ്രദീപ്തവുമാണ്. ആകാശത്തിലേക്ക് കൈ ഉയർത്തി അദ്ദേഹം കുറേ നേരം പ്രാർത്ഥിച്ച ശേഷം ആ കൂമ്പാരത്തിന്റെ അടുത്ത് വന്നു ഇരുന്നതേയുള്ളൂ. കൂമ്പാരം മുമ്പുണ്ടായിരുന്നതിന്റെ മൂന്നിൽ ഒന്നായി ചുരുങ്ങി. പിന്നീട ദ്ദേഹം ഓരോരുത്തർക്കും അവരവരുടെ ഭാണ്ഡങ്ങൾ വീതിച്ചുകൊടുത്തു. ഓരോ ഭാണ്ഡവും കൊടുക്കുമ്പോൾ അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു. "ഭയപ്പെടേണ്ട, സമാധാനമായിട്ട് എടുത്തോളൂ."

എല്ലാവരും അദ്ദേഹത്തിന് പ്രത്യേകമായി നന്ദി പറഞ്ഞുകൊണ്ട് സന്തോഷത്തോടെ തങ്ങളുടെ ഭാരങ്ങളുമായി വീടുകളിലേക്ക് മടങ്ങി.

* 'വഹ്മ്' എന്ന പദത്തിന് തോന്നൽ എന്നും 'സ്വബ്റ് ' എന്ന പദത്തിന് സഹനം എന്നുമാണ് അർഥം.

●